## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1199

01.07.2015 -ൽ മറുപടി
നൽകേണ്ടിയിരുന്നത്

### പുനരധിവസിപ്പിക്കപ്പെട്ടവർക്ക് പട്ടയവിതരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.എ.മാധവൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കപ്പെട്ടപ്പോൾ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് വർഷങ്ങളായി അവർ താമസിക്കുന്ന സ്ഥലത്തിന് പട്ടയം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽപ്പെട്ട പട്ടയം നൽകേണ്ട എത്ര കുടുംബങ്ങളുണ്ട്; വിശദ വിവരം നല്കാമോ ; | (ബി) **തിരുവനന്തപുരം** ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനു വേണ്ടി ഏറ്റെടുത്ത ഭൂമിയ്ക്ക് പകരമായി പുനരധിവസിപ്പിക്കുന്നതിന് വില്ലേജ് ഓഫീസർ മുഖാന്തിരം ക്രയവില ഒടുക്കാൻ ഉത്തരവ് നൽകിയെങ്കിലും 90 കുടുംബങ്ങൾ നാളിതുവരെ തുക ഒടുക്കിയിട്ടില്ല. മാത്രമല്ല നിലവിലെ കൈവശക്കാരല്ല യഥാർത്ഥ അവകാശികളെന്നും ബോധ്യപ്പെട്ടതിനാൽ പട്ടയം അനുവദിച്ചിട്ടില്ല.<br>**കൊല്ലം** ജില്ലയിൽ പുനലൂർ താലൂക്കിൽ തെന്മല വില്ലേജിൽ ഡാം നിർമ്മാണവേളയിൽ കാച്ച്മെന്റ് ഏരിയായിൽ നിന്നും ഒഴിപ്പിച്ച് തിങ്കൾകരിക്കം വില്ലേജിൽ സാം നഗർ എന്ന സ്ഥലത്ത് 90 ഏക്കർ വനഭൂമിയിൽ ഉദ്ദേശം 400 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിരുന്നു. ഇവർക്ക് പട്ടയം നൽകുന്ന നടപടിയുമായി ബന്ധപ്പെട്ട് കേരള വനഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്രവനംവകുപ്പിന് റിക്കാർഡുകൾ കൈമാറിയിട്ടുണ്ട്.<br>**കണ്ണൂർ** ജില്ലയിൽ തളിപ്പറമ്പ് രാമന്തളി വില്ലേജിൽ ഏഴിമല നാവിക അക്കാദമിക്ക് വേണ്ടി ഭൂമി ഏറ്റെടുത്തപ്പോൾ പുനരധിവസിക്കപ്പെട്ട ഒരാളുടെ കുടുംബത്തിന് പട്ടയം നൽകുവാനുണ്ട്. |
| (സി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (സി) പട്ടയം നൽകുന്നതിന് ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**